# നവംബർ 28—ഡിസംബർ 1, 2024 വരെയുള്ള നന്ദിപ്രകാശന സമന്വയന സമ്മേളനത്തിന്റെ ദൂതുകളുടെ രൂപരേഖ

## പൊതു വിഷയം: ദൈവത്തിന്റെ വ്യവസ്ഥയ്ക്കുവേണ്ടി ദൈവത്തിന്റെ ഭരണത്തിൻ കീഴിൽ ക്രിസ്തീയജീവിതവും സഭാജീവിതവും നയിക്കുന്നു

ദൂത് രണ്ട്

## ദൈവത്തിന്റെ ഭരണത്തിൻകീഴിൽ ഒരു ക്രിസ്തീയ ജീവിതം നയിക്കുന്നു

JL *Hymns*: ML638, ML415

തിരുവെഴുത്ത് വായന: 1 പത്രൊ. 1:17; 2:21-24; 4:17-19; 5:6

1 പത്രൊ. 1:17 മുഖപക്ഷം കൂടാതെ ഓരോരുത്തന്റെ പ്രവൃത്തിക്കൊത്തവണ്ണം ന്യായം വിധിക്കുന്നവനെ നിങ്ങൾ പിതാവ് എന്ന് വിളിക്കുന്നു എങ്കിൽ, നിങ്ങളുടെ പരദേശവാസകാലം ഭയത്തോടെ കഴിക്കുവിൻ,

1 പത്രൊ. 2:21 ഇതിനാകുന്നു നിങ്ങൾ വിളിക്കപ്പെട്ടത്, എന്തുകൊണ്ടെന്നാൽ ക്രിസ്തുവും നിങ്ങൾക്കു പകരം കഷ്ടമേറ്റു, നിങ്ങൾ അവന്റെ കാൽച്ചുവടുകൾ പിന്തുടരേണ്ടതിന് നിങ്ങൾക്ക് ഒരു മാതൃക വച്ചിരിക്കുന്നു;

1 പത്രൊ. 2:22 അവൻ പാപം ചെയ്തിട്ടില്ല, അവന്റെ വായിൽ വ്യാജം കണ്ടെത്തിയതുമില്ല.

1 പത്രൊ. 2:23 അവൻ അധിക്ഷേപിക്കപ്പെട്ടിട്ട് പകരം അധിക്ഷേപിച്ചില്ല; കഷ്ടമേൽക്കവേ, അവൻ ഭീഷണിപ്പെടുത്താതെ നീതിപരമായി ന്യായം വിധിക്കുന്നവന് എല്ലാം ഭരമേൽപ്പിച്ചുകൊണ്ടിരുന്നു;

1 പത്രൊ. 2:24 നാം പാപങ്ങൾക്കു മരിച്ചിട്ട് നീതിക്കു ജീവിക്കേണ്ടതിന്, അവൻ തന്നെ മരത്തിന്മേൽ അവന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ വഹിച്ചു; അവന്റെ അടിപ്പിണരാൽ നിങ്ങൾ സൗഖ്യം പ്രാപിച്ചിരിക്കുന്നു.

1 പത്രൊ. 4:17 എന്തെന്നാൽ ന്യായവിധി ദൈവഭവനത്തിൽനിന്ന് ആരംഭിക്കുവാൻ സമയമായിരിക്കുന്നു; അത് ആദ്യം നമ്മിൽ നിന്നെങ്കിലോ, ദൈവത്തിന്റെ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്തായിരിക്കും?

1 പത്രൊ. 4:18 നീതിമാനായ മനുഷ്യൻ പ്രയാസത്തോടെ മാത്രം രക്ഷിക്കപ്പെടുന്നു എങ്കിൽ, അഭക്തനും പാപിയും എവിടെ നിൽക്കും?

1 പത്രൊ. 4:19 അതിനാൽ ദൈവഹിതപ്രകാരം കഷ്ടമനുഭവിക്കുന്നവർ നന്മചെയ്യുന്നതിൽ തങ്ങളുടെ ദേഹികളെ വിശ്വസ്തനായ സ്രഷ്ടാവിന് ഭരമേൽപ്പിക്കട്ടെ.

1 പത്രൊ. 5:6 അതുകൊണ്ട് അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തേണ്ടതിന് ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ, താഴ്ത്തപ്പെട്ടിരിക്കുവിൻ,

**I. പത്രൊസിന്റെ 1-ഉം 2-ഉം ലേഖനങ്ങൾ ദൈവത്തിന്റെ സാർവത്രിക ഭരണത്തെ സംബന്ധിച്ചാണ്:**

A. 1 പത്രൊസിന്റെ വിഷയം ദൈവത്തിന്റെ ഭരണത്തിൻ കീഴിലുള്ള ക്രിസ്തീയ ജീവിതമാണ്, ഇത് വിശേഷാൽ തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തോടുള്ള അവന്റെ ഇടപെടലുകളിൽ ദൈവത്തിന്റെ ഭരണത്തെ നമുക്ക് കാണിക്കുന്നു—1:2.

1 പത്രൊ. 1:2 പിതാവായ ദൈവത്തിന്റെ, മുന്നറിവിനൊത്തവണ്ണം ആത്മാവിന്റെ, വിശുദ്ധീകരണത്തിൽ യേശു ക്രിസ്തുവിന്റെ രക്തത്തിന്റെ, അനുസരണത്തിനും തളിക്കലിനും തിരഞ്ഞെടുക്കപ്പെട്ടവർക്ക്: നിങ്ങൾക്കു കൃപയും സമാധാനവും പെരുകുമാറാകട്ടെ.

B. 2 പത്രൊസിന്റെ വിഷയം ദിവ്യസഹായവും ദിവ്യഭരണവുമാണ്, ദൈവം നമ്മെ ഭരിക്കുമ്പോൾ നമുക്ക് ആവശ്യമുള്ളതെല്ലാം അവൻ നമുക്ക് നൽകുന്നു എന്ന് നമ്മെ കാണിക്കുന്നു—1:1-4; 3:13.

2 പത്രൊ. 1:1 യേശു ക്രിസ്തുവിന്റെ അടിമയും അപ്പൊസ്തലനുമായ ശിമോൻ പത്രൊസ്, നമ്മുടെ ദൈവവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ, നീതിയിൽ, നമുക്കുള്ളതുപോലെ തുല്യമായ വിലയേറിയ വിശ്വാസം, പകുത്തുനൽകിയിരിക്കുന്നവർക്ക്:

2 പത്രൊ. 1:2 ദൈവത്തിന്റെയും നമ്മുടെ കർത്താവായ യേശുവിന്റെയും പൂർണ, പരിജ്ഞാനത്തിൽ നിങ്ങൾക്ക് കൃപയും സമാധാനവും പെരുകുമാറാകട്ടെ;

2 പത്രൊ. 1:3 തന്റെ സ്വന്തം, തേജസ്സിനാലും നന്മയാലും നമ്മെ വിളിച്ചവന്റെ പൂർണ പരിജ്ഞാനത്തിലൂടെ, അവന്റെ ദിവ്യശക്തി ജീവനും ദൈവികതയും സംബന്ധിച്ച സകലവും നമുക്കു നൽകിയിരിക്കുന്നുവല്ലോ,

2 പത്രൊ. 1:4 അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

2 പത്രൊ. 3:13 എന്നാൽ നാം അവന്റെ വാഗ്ദത്തപ്രകാരം നീതി വസിക്കുന്ന, പുതിയ ആകാശവും പുതിയ ഭൂമിയും പ്രതീക്ഷിക്കുന്നു.

C. ന്യായംവിധിക്കുന്നതിലൂടെ ദൈവം ഭരിക്കുന്നു; ദൈവത്തിന്റെ ന്യായവിധി അവന്റെ ഭരണം നിർവഹിക്കുന്നതിനു വേണ്ടിയാണ്—1 പത്രൊ. 1:17; 4:17:

1 പത്രൊ. 1:17 മുഖപക്ഷം കൂടാതെ ഓരോരുത്തന്റെ പ്രവൃത്തിക്കൊത്തവണ്ണം ന്യായം വിധിക്കുന്നവനെ നിങ്ങൾ പിതാവ് എന്ന് വിളിക്കുന്നു എങ്കിൽ, നിങ്ങളുടെ പരദേശവാസകാലം ഭയത്തോടെ കഴിക്കുവിൻ,

1 പത്രൊ. 4:17 എന്തെന്നാൽ ന്യായവിധി ദൈവഭവനത്തിൽനിന്ന് ആരംഭിക്കുവാൻ സമയമായിരിക്കുന്നു; അത് ആദ്യം നമ്മിൽ നിന്നെങ്കിലോ, ദൈവത്തിന്റെ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്തായിരിക്കും?

1. 1-ഉം 2-ഉം പത്രൊസ് ദൈവത്തിന്റെ ഭരണത്തോട് ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ട്, ഈ ലേഖനങ്ങളിൽ ദൈവത്തിന്റെയും കർത്താവിന്റെയും ന്യായവിധി അവശ്യ കാര്യങ്ങളിലൊന്നായി ആവർത്തിച്ച് പരാമർശിക്കപ്പെടുന്നു—1 പത്രൊ. 2:23; 4:5-6, 17; 2 പത്രൊ. 2:3-4, 9; 3:7.

1 പത്രൊ. 2:23 അവൻ അധിക്ഷേപിക്കപ്പെട്ടിട്ട് പകരം അധിക്ഷേപിച്ചില്ല; കഷ്ടമേൽക്കവേ, അവൻ ഭീഷണിപ്പെടുത്താതെ നീതിപരമായി ന്യായം വിധിക്കുന്നവന് എല്ലാം ഭരമേൽപ്പിച്ചുകൊണ്ടിരുന്നു;

1 പത്രൊ. 4:5 ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും ന്യായം വിധിക്കുവാൻ ഒരുങ്ങിയിരിക്കുന്നവന് അവർ കണക്കു ബോധിപ്പിക്കും.

1 പത്രൊ. 4:6 ഇതിനായിട്ടാകുന്നു മരിച്ചവരോടും സുവിശേഷം അറിയിച്ചത്, അവർ മനുഷ്യർക്കൊത്തവണ്ണം ജഡത്തിൽ ന്യായംവിധിക്കപ്പെടേണ്ടതിനും ദൈവത്തിനൊത്തവണ്ണം ആത്മാവിൽ ജീവിക്കേണ്ടതിനും തന്നെ.

1 പത്രൊ. 4:17 എന്തെന്നാൽ ന്യായവിധി ദൈവഭവനത്തിൽനിന്ന്

| | |
|---|---|
| | ആരംഭിക്കുവാൻ സമയമായിരിക്കുന്നു; അത് ആദ്യം നമ്മിൽ നിന്നെങ്കിലോ, ദൈവത്തിന്റെ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്തായിരിക്കും? |
| 2 പത്രൊ. 2:3 | ദ്രവ്യാഗ്രഹത്തിൽ, കെട്ടിച്ചമച്ച വാക്കുകൾകൊണ്ട്, അവർ നിങ്ങളെ വാണിജ്യമാക്കും, അവർക്കുള്ള പൂർവകാല ന്യായവിധി നിഷ്ക്രിയമല്ല, അവരുടെ നാശം ഉറങ്ങുന്നില്ല. |
| 2 പത്രൊ. 2:4 | പാപം ചെയ്ത ദൂതന്മാരെ ദൈവം അവശേഷിപ്പിക്കാതെ, താർതാറോസിലേക്ക് തള്ളിയിട്ട്, അവരെ, ന്യായവിധിക്കായി സൂക്ഷിച്ചു കൊണ്ട്, ഇരുണ്ട ഗർത്തത്തിന് ഏൽപ്പിക്കുകയും; |
| 2 പത്രൊ. 2:9 | ഭക്തനെ എങ്ങനെ പരീക്ഷയിൽ നിന്ന് വിടുവിക്കണമെന്നും, നീതികെട്ടവരെ ന്യായവിധിയുടെ, ദിവസത്തിനായി എങ്ങനെ ശിക്ഷയിൻ കീഴിൽ സൂക്ഷിക്കണമെന്നും കർത്താവ് അറിയുന്നു, |
| 2 പത്രൊ. 3:7 | എന്നാൽ ഇപ്പോഴുള്ള ആകാശവും ഭൂമിയും, അതേ വചനത്താൽ, ന്യായവിധിയുടെയും ഭക്തികെട്ട മനുഷ്യരുടെ നാശത്തിന്റെയും നാളിനായി സൂക്ഷിച്ചുകൊണ്ട്, തീയ്ക്കായി കരുതിവച്ചിരിക്കുന്നു എന്നത് അവർ മനഃപൂർവമായി അറിയാതിരിക്കുന്നു. |

2. വിവിധ തരത്തിലുള്ള ന്യായവിധികൾ മുഖാന്തരം തന്റെ പ്രസാദത്തിനായി തന്റെ നീതിയാൽ നിറഞ്ഞ ഒരു പുതിയ പ്രപഞ്ചത്തിനുവേണ്ടി ഒരു പുതിയ ആകാശവും പുതിയ ഭൂമിയും തനിക്കുണ്ടായിരിക്കേണ്ടതിന് കർത്താവായ ദൈവം മുഴുവൻ പ്രപഞ്ചത്തെയും വെടിപ്പാക്കുകയും ശുദ്ധീകരിക്കുകയും ചെയ്യും—വാ. 13.

| | |
|---|---|
| 2 പത്രൊ. 3:13 | എന്നാൽ നാം അവന്റെ വാഗ്ദത്തപ്രകാരം നീതി വസിക്കുന്ന, പുതിയ ആകാശവും പുതിയ ഭൂമിയും പ്രതീക്ഷിക്കുന്നു. |

D. പിതാവിനാൽ നിർവഹിക്കപ്പെടുന്ന 1 പത്രൊസ് 1:17-ലെ ന്യായവിധി, ഭാവിയിലുള്ള ന്യായവിധിയല്ല, അത് തന്റെ മക്കളോടുള്ള ദൈവത്തിന്റെ ഭരണപരമായ ഇടപെടലുകൾ എന്ന ഇപ്പോൾ, ദിനംപ്രതിയുള്ള ന്യായവിധിയാണ്:

| | |
|---|---|
| 1 പത്രൊ. 1:17 | മുഖപക്ഷം കൂടാതെ ഓരോരുത്തന്റെ പ്രവൃത്തിക്കൊത്തവണ്ണം ന്യായം വിധിക്കുന്നവനെ നിങ്ങൾ പിതാവ് എന്ന് വിളിക്കുന്നു എങ്കിൽ, നിങ്ങളുടെ പരദേശവാസകാലം ഭയത്തോടെ കഴിക്കുവിൻ, |

1. വിശുദ്ധനായ ഒരു പിതാവും വിശുദ്ധരായ മക്കളുമുള്ള ഒരു വിശുദ്ധ കുടുംബത്തെ ഉളവാക്കുവാൻ പിതാവ് നമ്മെ വീണ്ടുംജനിപ്പിച്ചിരിക്കുന്നു—വാ. 3, 15, 17.

| | |
|---|---|
| 1 പത്രൊ. 1:3 | നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ, അവൻ മരിച്ചവരിൽനിന്നുള്ള യേശു ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലൂടെ ജീവനുള്ള പ്രത്യാശയിങ്കലേക്കു തന്റെ മഹാകരുണപ്രകാരം നമ്മെ വീണ്ടുംജനിപ്പിച്ചു, |
| 1 പത്രൊ. 1:15 | നിങ്ങളെ വിളിച്ച വിശുദ്ധനൊത്തവണ്ണം, നിങ്ങളുടെ എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ. |
| 1 പത്രൊ. 1:17 | മുഖപക്ഷം കൂടാതെ ഓരോരുത്തന്റെ പ്രവൃത്തിക്കൊത്തവണ്ണം ന്യായം വിധിക്കുന്നവനെ നിങ്ങൾ പിതാവ് എന്ന് വിളിക്കുന്നു എങ്കിൽ, നിങ്ങളുടെ പരദേശവാസകാലം ഭയത്തോടെ കഴിക്കുവിൻ, |

2. വിശുദ്ധ മക്കളെന്ന നിലയിൽ, നാം വിശുദ്ധ നടപ്പുള്ളവരായിരിക്കണം (വാ. 15-16); അല്ലാത്തപക്ഷം, തന്റെ ഭരണത്തിൽ പിതാവായ ദൈവം ന്യായാധിപനായിത്തീരുകയും നമ്മുടെ അശുദ്ധിയോട് ഇടപെടുകയും ചെയ്യും (4:15-17; എബ്രാ. 12:9-10).

1 പത്രൊ. 1:15 നിങ്ങളെ വിളിച്ച വിശുദ്ധനൊത്തവണ്ണം, നിങ്ങളുടെ എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ.

1 പത്രൊ. 1:16 എന്തുകൊണ്ടെന്നാൽ "ഞാൻ വിശുദ്ധനാകുന്നതുകൊണ്ട് നിങ്ങളും വിശുദ്ധരാകണം" എന്ന് എഴുതിയിരിക്കുന്നുവല്ലോ.

1 പത്രൊ. 4:15 നിങ്ങളിൽ ആരും കൊലപാതകനോ, കള്ളനോ, ദുഷ്പ്രവൃത്തിക്കാരനോ, പരകാര്യത്തിൽ ഇടപെടുന്നവനോ ആയിട്ട് കഷ്ടമനുഭവിക്കാതിരിക്കട്ടെ;

1 പത്രൊ. 4:16 എന്നാൽ ക്രിസ്ത്യാനിയായിട്ട്, അവൻ ലജ്ജിക്കാതെ ഈ നാമത്തിൽ ദൈവത്തെ മഹത്വപ്പെടുത്തട്ടെ.

1 പത്രൊ. 4:17 എന്തെന്നാൽ ന്യായവിധി ദൈവഭവനത്തിൽനിന്ന് ആരംഭിക്കുവാൻ സമയമായിരിക്കുന്നു; അത് ആദ്യം നമ്മിൽ നിന്നെങ്കിലോ, ദൈവത്തിന്റെ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്തായിരിക്കും?

എബ്രാ. 12:9 ഇതു കൂടാതെ ശിക്ഷണം നൽകുന്നവരായി നമ്മുടെ ജഡത്തിലുള്ള പിതാക്കന്മാർ നമുക്കുണ്ടായിരുന്നു, അവരെ നാം ബഹുമാനിച്ചിരുന്നു; ആത്മാക്കളുടെ പിതാവിന് അതിലധികമായി നാം കീഴ്പ്പെട്ടിരുന്ന് ജീവിക്കുകയില്ലയോ?

എബ്രാ. 12:10 അവർ തങ്ങൾക്കു നന്നായി ബോധിച്ചതുപോലെ കുറച്ചുനാളത്തേക്ക് ബാലശിക്ഷ കഴിച്ചു; എന്നാൽ അവനോ, നാം തന്റെ വിശുദ്ധിയിൽ പങ്കു കൊള്ളുവാൻ തക്കവണ്ണം പ്രയോജനത്തിനായത്രേ ശിക്ഷിക്കുന്നത്.

E. ദൈവത്തിന്റെ ഭരണത്തിലെ ശിക്ഷണപരമായ ന്യായവിധി ദൈവഭവനത്തിൽനിന്ന് ആരംഭിക്കുന്നു—1 പത്രൊ. 4:17:

1 പത്രൊ. 4:17 എന്തെന്നാൽ ന്യായവിധി ദൈവഭവനത്തിൽനിന്ന് ആരംഭിക്കുവാൻ സമയമായിരിക്കുന്നു; അത് ആദ്യം നമ്മിൽ നിന്നെങ്കിലോ, ദൈവത്തിന്റെ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്തായിരിക്കും?

1. തന്റെ ഭരണവുമായി പൊരുത്തപ്പെടാത്ത സകലത്തെയും ദൈവം ന്യായംവിധിക്കുന്നു; അതുകൊണ്ട്, ഈ യുഗത്തിൽ ദൈവത്തിന്റെ മക്കളായ നാം ദൈവത്തിന്റെ ദിനംപ്രതിയുള്ള ന്യായവിധിയിൻ കീഴിലാണ്—1:17.

1 പത്രൊ. 1:17 മുഖപക്ഷം കൂടാതെ ഓരോരുത്തന്റെ പ്രവൃത്തിക്കൊത്തവണ്ണം ന്യായം വിധിക്കുന്നവനെ നിങ്ങൾ പിതാവ് എന്ന് വിളിക്കുന്നു എങ്കിൽ, നിങ്ങളുടെ പരദേശവാസകാലം ഭയത്തോടെ കഴിക്കുവിൻ,

2. തന്റെ സ്വന്തം ഭവനത്തിൽനിന്നും ആരംഭിക്കുന്ന തന്റെ ഭരണസംബന്ധിതമായ കാര്യനിർവഹണത്തിന്റെ ന്യായവിധിയിൽ വിശ്വാസികളോട് ഇടപെടുവാൻ ദൈവം അഗ്നിശോധനകൾ ഉപയോഗിക്കുന്നു—4:12, 17.

1 പത്രൊ. 4:12 പ്രിയരേ, നിങ്ങളുടെ അടുക്കൽ പരീക്ഷയ്ക്കായി വരുന്ന നിങ്ങളുടെ ഇടയിലെ അഗ്നിശോധന, നിങ്ങൾക്കു വിചിത്രമായ കാര്യം സംഭവിക്കുന്നു എന്നപോലെ, വിചിത്രമെന്നു കരുതരുത്;

1 പത്രൊ. 4:17 എന്തെന്നാൽ ന്യായവിധി ദൈവഭവനത്തിൽനിന്ന് ആരംഭിക്കുവാൻ സമയമായിരിക്കുന്നു; അത് ആദ്യം നമ്മിൽ നിന്നെങ്കിലോ, ദൈവത്തിന്റെ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്തായിരിക്കും?

3. ഈ ന്യായവിധിയുടെ ഉദ്ദേശ്യം നാം ദൈവത്തിനൊത്തവണ്ണം ആത്മാവിൽ ജീവിക്കേണ്ടതിനാണ്—വാ. 6.

1 പത്രൊ. 4:6 ഇതിനായിട്ടാകുന്നു മരിച്ചവരോടും സുവിശേഷം അറിയിച്ചത്, അവർ മനുഷ്യർക്കൊത്തവണ്ണം ജഡത്തിൽ ന്യായംവിധിക്കപ്പെടേണ്ടതിനും ദൈവത്തിനൊത്തവണ്ണം ആത്മാവിൽ ജീവിക്കേണ്ടതിനും തന്നെ.

**II. ക്രിസ്തീയ ജീവിതവും ദൈവത്തിന്റെ ഭരണവും ഒരു ജോഡിയായി ഒരുമിച്ചുപോകുന്നു എന്നു വെളിപ്പെടുത്തിക്കൊണ്ട് ക്രിസ്തീയ ജീവിതത്തെയും ദൈവത്തിന്റെ ഭരണത്തെയും അവൻ കൂട്ടിയോജിപ്പിക്കുന്നു എന്നതാണ് പത്രൊസിന്റെ എഴുത്തുകളുടെ അമൂല്യത—1 പത്രൊ. 1:17; 2:21, 24; 3:15; 4:17; 5:5-8:**

1 പത്രൊ. 1:17 മുഖപക്ഷം കൂടാതെ ഓരോരുത്തന്റെ പ്രവൃത്തിക്കൊത്തവണ്ണം ന്യായം വിധിക്കുന്നവനെ നിങ്ങൾ പിതാവ് എന്ന് വിളിക്കുന്നു എങ്കിൽ, നിങ്ങളുടെ പരദേശവാസകാലം ഭയത്തോടെ കഴിക്കുവിൻ,

1 പത്രൊ. 2:21 ഇതിനാകുന്നു നിങ്ങൾ വിളിക്കപ്പെട്ടത്, എന്തുകൊണ്ടെന്നാൽ ക്രിസ്തുവും നിങ്ങൾക്കു പകരം കഷ്ടമേറ്റു, നിങ്ങൾ അവന്റെ കാൽച്ചുവടുകൾ പിന്തുടരേണ്ടതിന് നിങ്ങൾക്ക് ഒരു മാതൃക വച്ചിരിക്കുന്നു;

1 പത്രൊ. 2:24 നാം പാപങ്ങൾക്കു മരിച്ചിട്ട് നീതിക്കു ജീവിക്കേണ്ടതിന്, അവൻ തന്നെ മരത്തിന്മേൽ അവന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ വഹിച്ചു; അവന്റെ അടിപ്പിണരാൽ നിങ്ങൾ സൗഖ്യം പ്രാപിച്ചിരിക്കുന്നു.

1 പത്രൊ. 3:15 എന്നാൽ നിങ്ങളിലുള്ള പ്രത്യാശയെക്കുറിച്ച് വിശദീകരണം ചോദിക്കുന്ന ഏവനോടും പ്രതിവാദത്തിനായി എപ്പോഴും തയ്യാറായിരുന്ന്, ക്രിസ്തുവിനെ കർത്താവായി നിങ്ങളുടെ ഹൃദയങ്ങളിൽ വിശുദ്ധീകരിക്കുവിൻ,

1 പത്രൊ. 4:17 എന്തെന്നാൽ ന്യായവിധി ദൈവഭവനത്തിൽനിന്ന് ആരംഭിക്കുവാൻ സമയമായിരിക്കുന്നു; അത് ആദ്യം നമ്മിൽ നിന്നെങ്കിലോ, ദൈവത്തിന്റെ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്തായിരിക്കും?

1 പത്രൊ. 5:5 അങ്ങനെതന്നെ, ഇളയവരേ, മൂപ്പന്മാർക്കു കീഴ്പ്പെട്ടിരിക്കുവിൻ; നിങ്ങൾ എല്ലാവരും അന്യോന്യം താഴ്മകൊണ്ട് അരകെട്ടുവിൻ, എന്തുകൊണ്ടെന്നാൽ ദൈവം നിഗളികളെ എതിർക്കുന്നു, എന്നാൽ താഴ്മയുള്ളവർക്ക് കൃപ നൽകുന്നു.

1 പത്രൊ. 5:6 അതുകൊണ്ട് അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തേണ്ടതിന് ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ, താഴ്ത്തപ്പെട്ടിരിക്കുവിൻ,

1 പത്രൊ. 5:7 നിങ്ങളെ സംബന്ധിച്ച് അവനു കാര്യമുള്ളതിനാൽ നിങ്ങളുടെ സകല വ്യാകുലതയും അവന്റെമേൽ എറിഞ്ഞുകൊണ്ടുതന്നെ.

1 പത്രൊ. 5:8 സുബോധമുള്ളവരായിരിക്കുവിൻ; ഉണർന്നിരിക്കുവിൻ. നിങ്ങളുടെ പ്രതിയോഗിയായ പിശാച്, അലറുന്ന സിംഹം എന്നപോലെ, ആരെ വിഴുങ്ങേണം എന്ന് അന്വേഷിച്ചുകൊണ്ട് ചുറ്റിനടക്കുന്നു.

A. ത്രിയേക ദൈവം ക്രിസ്തുവിൽ ഒരു നീണ്ട പ്രക്രിയയിലൂടെ കടന്നുപോകുകയും നമ്മിൽ വസിക്കുവാൻ ജീവൻ-നൽകുന്ന ആത്മാവായിത്തീരുകയും ചെയ്തു; ഇത് നമ്മുടെ ക്രിസ്തീയ ജീവിതത്തിനുവേണ്ടിയാണ്—യോഹ. 1:14; 14:17; 1 കൊരി. 15:45; 6:17.

യോഹ. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും

| | |
|---|---|
| | നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു). |
| യോഹ. 14:17 | യാഥാർഥ്യത്തിന്റെ ആത്മാവിനെത്തന്നെ, ലോകം അവനെ കാണുകയോ അറിയുകയോ ചെയ്യാത്തതിനാൽ അതിന് അവനെ സ്വീകരിക്കുവാൻ കഴിയുകയില്ല; എന്നാൽ അവൻ നിങ്ങളോടുകൂടെ വസിക്കുന്നതിനാലും, നിങ്ങളിൽ ആകും എന്നതിനാലും, നിങ്ങൾ അവനെ അറിയുന്നു. |
| 1 കൊരി. 15:45 | അങ്ങനെ, "ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹി ആയിത്തീർന്നു" എന്ന് എഴുതിയിരിക്കുന്നു; ഒടുക്കത്തെ ആദാം ജീവൻനൽകുന്ന ആത്മാവ് ആയിത്തീർന്നു. |
| 1 കൊരി. 6:17 | എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു. |

B. അതേസമയം, ത്രിയേക ദൈവം അപ്പോഴും പ്രപഞ്ചത്തിന്റെ സ്രഷ്ടാവും അതിന്റെ ഭരണാധികാരിയുമാണ്—1 പത്രൊ. 4:19.

| | |
|---|---|
| 1 പത്രൊ. 4:19 | അതിനാൽ ദൈവഹിതപ്രകാരം കഷ്ടമനുഭവിക്കുന്നവർ നന്മചെയ്യുന്നതിൽ തങ്ങളുടെ ദേഹികളെ വിശ്വസ്തനായ സ്രഷ്ടാവിന് ഭരമേൽപ്പിക്കട്ടെ. |

C. ഒരു ആത്മികജീവൻ ഉണ്ടായിരിക്കുന്നതിനും ഒരു പുതിയ സൃഷ്ടിയായിരിക്കുന്നതിനും നാം ദൈവത്തിൽനിന്ന് ജനിച്ചുവെങ്കിലും, നാം ഇപ്പോഴും പഴയ സൃഷ്ടിയിലാണ്—യോഹ. 1:12-13; 3:3, 5-6; 2 കൊരി. 5:17:

| | |
|---|---|
| യോഹ. 1:12 | എന്നാൽ അവനെ സ്വീകരിച്ചവർക്ക് അത്രയും, അവന്റെ നാമത്തിലേക്കു വിശ്വസിച്ചവർക്കുതന്നെ, ദൈവമക്കൾ ആകുവാൻ അവൻ അധികാരം നൽകി, |
| യോഹ. 1:13 | അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഹിതത്തിൽ നിന്നല്ല, മനുഷ്യന്റെ ഹിതത്തിൽ നിന്നുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്. |
| യോഹ. 3:3 | യേശു അവനോട്, സത്യമായി, സത്യമായി ഞാൻ നിന്നോടു പറയുന്നു, ഒരുവൻ പുതുതായി ജനിച്ചില്ല എങ്കിൽ, അവന് ദൈവരാജ്യം കാണുവാൻ കഴിയുകയില്ല എന്ന് ഉത്തരം പറഞ്ഞു. |
| യോഹ. 3:5 | യേശു ഉത്തരം നൽകി, സത്യമായി, സത്യമായി ഞാൻ നിന്നോട് പറയുന്നു, വെള്ളത്താലും ആത്മാവിനാലും ജനിക്കാതെ ഒരുവന് ദൈവരാജ്യത്തിലേക്കു പ്രവേശിക്കുവാൻ കഴിയുകയില്ല. |
| യോഹ. 3:6 | ജഡത്തിൽനിന്ന് ജനിച്ചിരിക്കുന്നത് ജഡമാകുന്നു, ആത്മാവിൽനിന്ന് ജനിച്ചിരിക്കുന്നത് ആത്മാവാകുന്നു. |
| 2 കൊരി. 5:17 | അതുകൊണ്ട് ഒരുവൻ ക്രിസ്തുവിലാണെങ്കിൽ, അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയവ നീങ്ങിപ്പോയി, ഇതാ, അവ പുതുതായിത്തീർന്നിരിക്കുന്നു. |

1. ഇക്കാരണത്താൽ, നമുക്ക് ദൈവത്തിന്റെ ഭരണപരമായ ഇടപെടലുകൾ ആവശ്യമാണ്—1 പത്രൊ. 1:17.

| | |
|---|---|
| 1 പത്രൊ. 1:17 | മുഖപക്ഷം കൂടാതെ ഓരോരുത്തന്റെ പ്രവൃത്തിക്കൊത്തവണ്ണം ന്യായം വിധിക്കുന്നവനെ നിങ്ങൾ പിതാവ് എന്ന് വിളിക്കുന്നു എങ്കിൽ, നിങ്ങളുടെ പരദേശവാസകാലം ഭയത്തോടെ കഴിക്കുവിൻ, |

2. ക്രിസ്തീയ ജീവിതത്തിന്റെ വളർച്ചയ്ക്ക്, ദൈവത്തിന്റെ ഭരണത്തിന്റെ ശിക്ഷണം നമുക്ക് ആവശ്യമാണ്—2:2; 4:17; 2 പത്രൊ. 1:5-7.

| | |
|---|---|
| 1 പത്രൊ. 2:2 | കർത്താവ് നല്ലവൻ എന്ന് നിങ്ങൾ രുചിച്ചിട്ടുണ്ടെങ്കിൽ, |

1 പത്രൊ. 4:17 എന്തെന്നാൽ ന്യായവിധി ദൈവഭവനത്തിൽനിന്ന് ആരംഭിക്കുവാൻ സമയമായിരിക്കുന്നു; അത് ആദ്യം നമ്മിൽ നിന്നെങ്കിലോ, ദൈവത്തിന്റെ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്തായിരിക്കും?

2 പത്രൊ. 1:5 ഇക്കാരണത്താൽത്തന്നെ, സകല ശുഷ്കാന്തിയും കൂട്ടിച്ചേർത്തു കൊണ്ട്, നിങ്ങളുടെ വിശ്വാസത്തിൽ നന്മയും; നന്മയിൽ പരിജ്ഞാനവും;

2 പത്രൊ. 1:6 പരിജ്ഞാനത്തിൽ ഇന്ദ്രിയജയവും; ഇന്ദ്രിയജയത്തിൽ സഹിഷ്ണുതയും; സഹിഷ്ണുതയിൽ ദൈവികതയും;

2 പത്രൊ. 1:7 ദൈവികതയിൽ സഹോദരസ്നേഹവും; സഹോദരസ്നേഹത്തിൽ സ്നേഹവും ധാരാളമായി പകർന്നുനൽകുവിൻ.

**III. കർത്താവായ യേശു ഭൂമിയിലായിരുന്നപ്പോൾ, അവൻ തികച്ചും ദൈവത്തിന്റെ ഭരണത്തിൻ കീഴിലുള്ള ഒരു മനുഷ്യജീവിതം നയിക്കുകയും, അവനോടു ബന്ധപ്പെട്ട സകലവും ദൈവത്തിന്റെ ഭരണത്തിന് ഭരമേൽപ്പിക്കുകയും ചെയ്തു—യോഹ. 6:38; 1 പത്രൊ. 2:21-23:**

യോഹ. 6:38 എന്തെന്നാൽ ഞാൻ എന്റെ ഹിതമല്ല, എന്നെ അയച്ചവന്റെ ഹിതമത്രേ ചെയ്യുവാൻ സ്വർഗത്തിൽനിന്ന് ഇറങ്ങിവന്നിരിക്കുന്നത്.

1 പത്രൊ. 2:21 ഇതിനാകുന്നു നിങ്ങൾ വിളിക്കപ്പെട്ടത്, എന്തുകൊണ്ടെന്നാൽ ക്രിസ്തുവും നിങ്ങൾക്കു പകരം കഷ്ടമേറ്റു, നിങ്ങൾ അവന്റെ കാൽച്ചുവടുകൾ പിന്തുടരേണ്ടതിന് നിങ്ങൾക്ക് ഒരു മാതൃക വച്ചിരിക്കുന്നു;

1 പത്രൊ. 2:22 അവൻ പാപം ചെയ്തിട്ടില്ല, അവന്റെ വായിൽ വ്യാജം കണ്ടെത്തിയതുമില്ല.

1 പത്രൊ. 2:23 അവൻ അധിക്ഷേപിക്കപ്പെട്ടിട്ട് പകരം അധിക്ഷേപിച്ചില്ല; കഷ്ടമേൽക്കവേ, അവൻ ഭീഷണിപ്പെടുത്താതെ നീതിപരമായി ന്യായം വിധിക്കുന്നവന് എല്ലാം ഭരമേൽപ്പിച്ചുകൊണ്ടിരുന്നു;

A. തന്റെ എല്ലാ അപമാനങ്ങളും മുറിവുകളും തന്റെ ഭരണത്തിൽ നീതിപൂർവം വിധിക്കുന്നവന്, അവൻ സ്വയം കീഴ്പ്പെടുത്തിക്കൊടുത്ത നീതിമാനായ ദൈവത്തിന്, കർത്താവ് ഭരമേല്പിച്ചുകൊണ്ടിരുന്നു; അവന്റെ ഭരണത്തെ അംഗീകരിച്ചുകൊണ്ട് ഈ നീതിമാനായ ദൈവത്തിൽ അവൻ തന്റെ ആശ്രയം വച്ചു—വാ. 23.

1 പത്രൊ. 2:23 അവൻ അധിക്ഷേപിക്കപ്പെട്ടിട്ട് പകരം അധിക്ഷേപിച്ചില്ല; കഷ്ടമേൽക്കവേ, അവൻ ഭീഷണിപ്പെടുത്താതെ നീതിപരമായി ന്യായം വിധിക്കുന്നവന് എല്ലാം ഭരമേൽപ്പിച്ചുകൊണ്ടിരുന്നു;

B. ദൈവം ക്രിസ്തുവിനെ ഒരു മനുഷ്യനെന്ന നിലയിൽ ആലോചന നൽകിയപ്പോൾ, ക്രിസ്തുവിന്റെ ആന്തരിക ഭാഗങ്ങൾ ദൈവവുമായി ഒന്നായിരിക്കുകയും, ദൈവവുമായുള്ള അവന്റെ സമ്പർക്കത്തിലൂടെ അവൻ നിർദ്ദേശിക്കപ്പെടുകയും ചെയ്തു—സങ്കീ. 16:7; യെശ. 50:4.

സങ്കീ. 16:7 എനിക്കു ബുദ്ധി ഉപദേശിച്ചുതന്ന യഹോവയെ ഞാൻ വാഴ്ത്തും; രാത്രികാലങ്ങളിലും എന്റെ അന്തരംഗം എന്നെ ഉപദേശിക്കുന്നു.

യെശ. 50:4 തളർന്നിരിക്കുന്നവനെ വാക്കുകൊണ്ടു താങ്ങുവാൻ അറിയേണ്ടതിന്നു യഹോവയായ കർത്താവു എനിക്കു ശിഷ്യന്മാരുടെ നാവു തന്നിരിക്കുന്നു; അവൻ രാവിലെതോറും ഉണർത്തുന്നു; ശിഷ്യന്മാരെപ്പോലെ കേൾക്കേണ്ടതിന്നു അവൻ എന്റെ ചെവി ഉണർത്തുന്നു.

**IV. ക്രിസ്തുവിലുള്ള വിശ്വാസികളും ദൈവത്തിന്റെ മക്കളുമെന്ന നിലയിൽ നാം ദൈവത്തിന്റെ ഭരണത്തിൻ കീഴിൽ ഒരു ക്രിസ്തീയ ജീവിതം നയിക്കണം—യോഹ. 3:15; 1:12-13; 1 പത്രൊ. 4:13-19; 5:6-8:**

യോഹ. 3:15 അവനിലേക്കു വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകേണ്ടതിനു തന്നെ.

യോഹ. 1:12 എന്നാൽ അവനെ സ്വീകരിച്ചവർക്ക് അത്രയും, അവന്റെ നാമത്തിലേക്കു വിശ്വസിച്ചവർക്കുതന്നെ, ദൈവമക്കൾ ആകുവാൻ അവൻ അധികാരം നൽകി,

യോഹ. 1:13 അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഹിതത്തിൽ നിന്നല്ല, മനുഷ്യന്റെ ഹിതത്തിൽ നിന്നുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്.

1 പത്രൊ. 4:13 അവന്റെ തേജസ്സിന്റെ വെളിപാടിൽ നിങ്ങൾ ഉല്ലാസത്തോടെ സന്തോഷിക്കേണ്ടതിന്, ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളിൽ നിങ്ങൾ പങ്കുകൊള്ളുന്തോറും, സന്തോഷിക്കുവിൻ.

1 പത്രൊ. 4:14 നിങ്ങൾ ക്രിസ്തുവിന്റെ നാമത്തിൽ നിന്ദിക്കപ്പെടുന്നുവെങ്കിൽ അനുഗ്യഹീതരാകുന്നു, എന്തെന്നാൽ തേജസ്സിന്റെയും ദൈവത്തിന്റെയും ആത്മാവ് നിങ്ങളുടെ മേൽ വിശ്രമിക്കുന്നു.

1 പത്രൊ. 4:15 നിങ്ങളിൽ ആരും കൊലപാതകനോ, കള്ളനോ, ദുഷ്പ്രവൃത്തിക്കാരനോ, പരകാര്യത്തിൽ ഇടപെടുന്നവനോ ആയിട്ട് കഷ്ടമനുഭവിക്കാതിരിക്കട്ടെ;

1 പത്രൊ. 4:16 എന്നാൽ ക്രിസ്ത്യാനിയായിട്ട്, അവൻ ലജ്ജിക്കാതെ ഈ നാമത്തിൽ ദൈവത്തെ മഹത്വപ്പെടുത്തട്ടെ.

1 പത്രൊ. 4:17 എന്തെന്നാൽ ന്യായവിധി ദൈവഭവനത്തിൽനിന്ന് ആരംഭിക്കുവാൻ സമയമായിരിക്കുന്നു; അത് ആദ്യം നമ്മിൽ നിന്നെങ്കിലോ, ദൈവത്തിന്റെ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്തായിരിക്കും?

1 പത്രൊ. 4:18 നീതിമാനായ മനുഷ്യൻ പ്രയാസത്തോടെ മാത്രം രക്ഷിക്കപ്പെടുന്നു എങ്കിൽ, അഭക്തനും പാപിയും എവിടെ നിൽക്കും?

1 പത്രൊ. 4:19 അതിനാൽ ദൈവഹിതപ്രകാരം കഷ്ടമനുഭവിക്കുന്നവർ നന്മചെയ്യുന്നതിൽ തങ്ങളുടെ ദേഹികളെ വിശ്വസ്തനായ സ്രഷ്ടാവിന് ഭരമേൽപ്പിക്കട്ടെ.

1 പത്രൊ. 5:6 അതുകൊണ്ട് അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തേണ്ടതിന് ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ, താഴ്ത്തപ്പെട്ടിരിക്കുവിൻ,

1 പത്രൊ. 5:7 നിങ്ങളെ സംബന്ധിച്ച് അവനു കാര്യമുള്ളതിനാൽ നിങ്ങളുടെ സകല വ്യാകുലതയും അവന്റെമേൽ എറിഞ്ഞുകൊണ്ടുതന്നെ.

1 പത്രൊ. 5:8 സുബോധമുള്ളവരായിരിക്കുവിൻ; ഉണർന്നിരിക്കുവിൻ. നിങ്ങളുടെ പ്രതിയോഗിയായ പിശാച്, അലറുന്ന സിംഹം എന്നപോലെ, ആരെ വിഴുങ്ങേണം എന്ന് അന്വേഷിച്ചുകൊണ്ട് ചുറ്റിനടക്കുന്നു.

A. കഷ്ടങ്ങളിലൂടെ ദൈവത്തിന്റെ ഭരണപരമായ ഇടപെടലുകൾ സ്വീകരിക്കുവാൻ നമ്മെ പ്രാപ്തനാക്കുന്ന ക്രിസ്തുവിനെ പത്രൊസിന്റെ ലേഖനങ്ങൾ വെളിപ്പെടുത്തുന്നു—1 പത്രൊ. 1:6-8; 2:3-4, 19, 21-25; 3:18, 22; 4:1, 15-16; 5:8-9.

1 പത്രൊ. 1:6 ഇപ്പോൾ അൽപനേരത്തേക്ക്, അത് ആവശ്യമാകുന്നുവെങ്കിൽ, വിവിധ പരീക്ഷകളാൽ നിങ്ങൾ ദുഃഖിതരായെങ്കിലും, ആ കാലത്ത് നിങ്ങൾ ഉല്ലസിക്കുന്നു,

1 പത്രൊ. 1:7 അങ്ങനെ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന, തീയാൽ ശോധന ചെയ്യപ്പെടുന്നതെങ്കിലും, നശിച്ചുപോകുന്ന പൊന്നിനെക്കാൾ അധികം വിലയേറിയതായി, യേശു ക്രിസ്തുവിന്റെ വെളിപാടിൽ പുകഴ്ച്ചയ്ക്കും തേജസ്സിനും മാനത്തിനുമായി കാണപ്പെടേണ്ടതിനു തന്നെ;

1 പത്രൊ. 1:8 അവനെ കണ്ടിട്ടില്ലെങ്കിലും നിങ്ങൾ സ്നേഹിക്കുന്നു; ഇപ്പോൾ

അവനെ കാണുന്നില്ലെങ്കിലും അവനിലേക്കു വിശ്വസിച്ചുകൊണ്ട്, നിങ്ങൾ അവാച്യവും തേജസ്സുനിറഞ്ഞതുമായ ആനന്ദത്തോടെ ഉല്ലസിക്കുന്നു,

1 പത്രൊ. 2:3 രക്ഷയിങ്കലേക്ക് വളരേണ്ടതിന്, നവജാത ശിശുക്കളെപ്പോലെ വചനത്തിന്റെ കളങ്കമില്ലാത്ത പാലിനായി വാഞ്ഛരിക്കുവിൻ.

1 പത്രൊ. 2:4 മനുഷ്യരാൽ തിരസ്കരിക്കപ്പെട്ടതും എന്നാൽ ദൈവമുമ്പാകെ തിരഞ്ഞെടുക്കപ്പെട്ടതും വിലയേറിയതുമായ, ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്ന്,

1 പത്രൊ. 2:19 എന്തെന്നാൽ, ഒരുവൻ ദൈവത്തെക്കുറിച്ചുള്ള ഉൾബോധം നിമിത്തം, അന്യായമായി കഷ്ടമേറ്റുകൊണ്ട് ദുഃഖങ്ങൾ വഹിക്കുന്നു എങ്കിൽ, ഇതാകുന്നു കൃപ.

1 പത്രൊ. 2:21 ഇതിനാകുന്നു നിങ്ങൾ വിളിക്കപ്പെട്ടത്, എന്തുകൊണ്ടെന്നാൽ ക്രിസ്തുവും നിങ്ങൾക്കു പകരം കഷ്ടമേറ്റു, നിങ്ങൾ അവന്റെ കാൽച്ചുവടുകൾ പിന്തുടരേണ്ടതിന് നിങ്ങൾക്ക് ഒരു മാതൃക വച്ചിരിക്കുന്നു;

1 പത്രൊ. 2:22 അവൻ പാപം ചെയ്തിട്ടില്ല, അവന്റെ വായിൽ വ്യാജം കണ്ടെത്തിയതുമില്ല.

1 പത്രൊ. 2:23 അവൻ അധിക്ഷേപിക്കപ്പെട്ടിട്ട് പകരം അധിക്ഷേപിച്ചില്ല; കഷ്ടമേൽക്കവേ, അവൻ ഭീഷണിപ്പെടുത്താതെ നീതിപരമായി ന്യായം വിധിക്കുന്നവന് എല്ലാം ഭരമേൽപ്പിച്ചുകൊണ്ടിരുന്നു;

1 പത്രൊ. 2:24 നാം പാപങ്ങൾക്കു മരിച്ചിട്ട് നീതിക്കു ജീവിക്കേണ്ടതിന്, അവൻ തന്നെ മരത്തിന്മേൽ അവന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ വഹിച്ചു; അവന്റെ അടിപ്പിണരാൽ നിങ്ങൾ സൗഖ്യം പ്രാപിച്ചിരിക്കുന്നു.

1 പത്രൊ. 2:25 നിങ്ങൾ വഴിതെറ്റിപ്പോകുന്ന ആടുകളെപ്പോലെയായിരുന്നു, എന്നാൽ ഇപ്പോൾ നിങ്ങളുടെ ദേഹികളുടെ ഇടയനും മേൽവിചാരകനുമായവന്റെ അടുക്കൽ മടങ്ങിവന്നിരിക്കുന്നു.

1 പത്രൊ. 3:18 ക്രിസ്തുവും, നിങ്ങളെ ദൈവത്തിന്റെ അടുക്കൽ കൊണ്ടുവരേണ്ടതിന്, ഒരുവശത്ത് ജഡത്തിൽ മരണത്തിന് ഏൽപ്പിക്കപ്പെട്ടും, എന്നാൽ മറുവശത്ത് ആത്മാവിൽ ജീവിപ്പിക്കപ്പെട്ടും, നീതിമാൻ നീതികെട്ടവർക്കു പകരം, പാപങ്ങൾ നിമിത്തം ഒരിക്കൽ കഷ്ടമനുഭവിച്ചു;

1 പത്രൊ. 3:22 അവൻ ദൈവത്തിന്റെ വലത്തുഭാഗത്താകുന്നു, അവൻ സ്വർഗത്തിലേക്കു പോയിട്ട് ദൂതന്മാരും അധികാരങ്ങളും ശക്തികളും അവനു കീഴ്പ്പെട്ടിരിക്കുന്നു.

1 പത്രൊ. 4:1 അതുകൊണ്ട് ക്രിസ്തു ജഡത്തിൽ കഷ്ടമനുഭവിച്ചതിനാൽ, നിങ്ങളും അതേ മനസ്സുകൊണ്ട് ആയുധം ധരിക്കുവിൻ (എന്തുകൊണ്ടെന്നാൽ ജഡത്തിൽ കഷ്ടമനുഭവിച്ചവൻ പാപത്തിൽ നിന്ന് നിലച്ചിരിക്കുന്നു),

1 പത്രൊ. 4:15 നിങ്ങളിൽ ആരും കൊലപാതകനോ, കള്ളനോ, ദുഷ്പ്രവൃത്തിക്കാരനോ, പരകാര്യത്തിൽ ഇടപെടുന്നവനോ ആയിട്ട് കഷ്ടമനുഭവിക്കാതിരിക്കട്ടെ;

1 പത്രൊ. 4:16 എന്നാൽ ക്രിസ്ത്യാനിയായിട്ട്, അവൻ ലജ്ജിക്കാതെ ഈ നാമത്തിൽ ദൈവത്തെ മഹത്വപ്പെടുത്തട്ടെ.

1 പത്രൊ. 5:8 സുബോധമുള്ളവരായിരിക്കുവിൻ; ഉണർന്നിരിക്കുവിൻ. നിങ്ങളുടെ പ്രതിയോഗിയായ പിശാച്, അലറുന്ന സിംഹം എന്നപോലെ, ആരെ വിഴുങ്ങേണം എന്ന് അന്വേഷിച്ചുകൊണ്ട് ചുറ്റിനടക്കുന്നു.

1 പത്രൊ. 5:9 ലോകത്തിൽ നിങ്ങളുടെ സഹോദരവർഗത്തിനിടയിൽ അതേ കഷ്ടതകൾ നിവൃത്തിയാകുന്നു എന്ന് അറിഞ്ഞുകൊണ്ട്, നിങ്ങളുടെ വിശ്വാസത്തിൽ ഉറപ്പുള്ളവരായി, അവനെ ചെറുത്തുനിൽക്കുവിൻ.

B. നമ്മുടെ പരദേശവാസത്തിന്റെ സമയം വിശുദ്ധ ഭയത്തിൽ, അതായത്, നമ്മുടെ എല്ലാ നടപ്പിലും വിശുദ്ധരായിരിക്കുവാൻ നമ്മെ നയിക്കുന്ന ആരോഗ്യകരമായ, ഗൗരവമുള്ള ജാഗ്രതയോടെ നാം കഴിക്കണം—1:15, 17.

1 പത്രൊ. 1:15 നിങ്ങളെ വിളിച്ച വിശുദ്ധനൊത്തവണ്ണം, നിങ്ങളുടെ എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ.

1 പത്രൊ. 1:17 മുഖപക്ഷം കൂടാതെ ഓരോരുത്തന്റെ പ്രവൃത്തിക്കൊത്തവണ്ണം ന്യായം വിധിക്കുന്നവനെ നിങ്ങൾ പിതാവ് എന്ന് വിളിക്കുന്നു എങ്കിൽ, നിങ്ങളുടെ പരദേശവാസകാലം ഭയത്തോടെ കഴിക്കുവിൻ,

C. ദൈവഭരണം നിർവഹിക്കുന്ന ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ നാം താഴ്ത്തപ്പെട്ടിരിക്കണം—5:6:

1 പത്രൊ. 5:6 അതുകൊണ്ട് അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തേണ്ടതിന് ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ, താഴ്ത്തപ്പെട്ടിരിക്കുവിൻ,

1. വാക്യം 6-ൽ *ദൈവത്തിന്റെ ബലമുള്ള കൈ*, വിശേഷാൽ തന്റെ ന്യായവിധിയിൽ കാണപ്പെടുന്ന ദൈവത്തിന്റെ ഭരണനിർവഹണത്തെ പരാമർശിക്കുന്നു—1:17; 4:17.

   1 പത്രൊ. 5:6 അതുകൊണ്ട് അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തേണ്ടതിന് ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ, താഴ്ത്തപ്പെട്ടിരിക്കുവിൻ,

   1 പത്രൊ. 1:17 മുഖപക്ഷം കൂടാതെ ഓരോരുത്തന്റെ പ്രവൃത്തിക്കൊത്തവണ്ണം ന്യായം വിധിക്കുന്നവനെ നിങ്ങൾ പിതാവ് എന്ന് വിളിക്കുന്നു എങ്കിൽ, നിങ്ങളുടെ പരദേശവാസകാലം ഭയത്തോടെ കഴിക്കുവിൻ,

   1 പത്രൊ. 4:17 എന്തെന്നാൽ ന്യായവിധി ദൈവഭവനത്തിൽനിന്ന് ആരംഭിക്കുവാൻ സമയമായിരിക്കുന്നു; അത് ആദ്യം നമ്മിൽ നിന്നെങ്കിലോ, ദൈവത്തിന്റെ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്തായിരിക്കും?

2. ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ താണിരിക്കുകയെന്നാൽ ദൈവത്താൽ താഴ്ത്തപ്പെട്ടിരിക്കുക എന്നാണ്; എങ്കിലും, നാം ദൈവത്തിന്റെ വ്യാപാരത്തോട് സഹകരിക്കുകയും അവന്റെ ബലമുള്ള കൈക്കീഴിൽ താഴ്ത്തപ്പെട്ടിരിക്കുവാൻ, താണിരിക്കുവാൻ മനസ്സുള്ളവരായിരിക്കുകയും വേണം—5:6.

   1 പത്രൊ. 5:6 അതുകൊണ്ട് അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തേണ്ടതിന് ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ, താഴ്ത്തപ്പെട്ടിരിക്കുവിൻ,

D. വിശ്വസ്തനായ സ്രഷ്ടാവിന് നമ്മുടെ ദേഹികളെ നാം ഭരമേല്പിക്കണം—4:19:

1 പത്രൊ. 4:19 അതിനാൽ ദൈവഹിതപ്രകാരം കഷ്ടമനുഭവിക്കുന്നവർ നന്മചെയ്യുന്നതിൽ തങ്ങളുടെ ദേഹികളെ വിശ്വസ്തനായ സ്രഷ്ടാവിന് ഭരമേൽപ്പിക്കട്ടെ.

1. ദൈവത്തിന് നമ്മുടെ ദേഹിയെ സംരക്ഷിക്കുവാൻ കഴിയും, അവന്റെ സ്നേഹമുള്ളതും വിശ്വസ്തവുമായ കരുതൽ അവന്റെ ഭരണസംബന്ധിതമായ കാര്യനിർവഹണത്തിലുള്ള അവന്റെ നീതിയെ സഹഗമിക്കുന്നു.
2. ദൈവം തന്റെ ഭരണത്തിൽ നമ്മെ ന്യായംവിധിക്കുമ്പോൾ, അവൻ തന്റെ സ്നേഹത്തിൽ വിശ്വസ്തതയോടെ നമ്മെ കരുതുന്നു; അവന്റെ ശിക്ഷണപരമായ

ന്യായവിധിയെ നാം സഹിക്കുമ്പോൾ, നമ്മുടെ സ്രഷ്ടാവിന്റെ വിശ്വസ്തമായ കരുതലിന് നമ്മുടെ ദേഹികളെ നാം ഭരമേല്പിക്കണം—മത്താ. 10:28; 11:28-29.

മത്താ. 10:28 ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടരുത്; എന്നാൽ അതിലുപരി ദേഹിയെയും ദേഹത്തെയും ഗെഹെന്നയിൽ നശിപ്പിക്കുവാൻ കഴിയുന്നവനെ ഭയപ്പെടുവിൻ.

മത്താ. 11:28 അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്കു വിശ്രമം നൽകും.

മത്താ. 11:29 ഞാൻ സൗമ്യനും ഹൃദയത്തിൽ താഴ്മയുള്ളവനും ആകയാൽ, എന്റെ നുകം നിങ്ങളുടെമേൽ എടുത്ത് എന്നിൽനിന്ന് പഠിക്കുവിൻ, നിങ്ങളുടെ ദേഹികൾക്കു നിങ്ങൾ വിശ്രമം കണ്ടെത്തും.

E. ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ ദൈവത്തിന്റെ ഭരണത്തിൻകീഴിൽ നാം നീതിക്ക് ജീവിക്കേണ്ടതിന് ക്രിസ്തുവിന്റെ മരണത്തിൽ നാം പാപങ്ങൾക്ക് മരിച്ചു—1 പത്രൊ. 2:24:

1 പത്രൊ. 2:24 നാം പാപങ്ങൾക്കു മരിച്ചിട്ട് നീതിക്കു ജീവിക്കേണ്ടതിന്, അവൻ തന്നെ മരത്തിന്മേൽ അവന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ വഹിച്ചു; അവന്റെ അടിപ്പിണരാൽ നിങ്ങൾ സൗഖ്യം പ്രാപിച്ചിരിക്കുന്നു.

1. ദൈവത്തിന്റെ ഭരണം നീതിയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു (സങ്കീ. 89:14); അവന്റെ ഭരണത്തിൻകീഴിൽ ജീവിക്കുന്ന ദൈവത്തിന്റെ ജനമെന്ന നിലയിൽ നാം നീതിനിഷ്ഠമായ ഒരു ജീവിതം നയിക്കണം.

സങ്കീ. 89:14 നീതിയും ന്യായവും നിന്റെ സിംഹാസനത്തിന്റെ അടിസ്ഥാനമാകുന്നു; ദയയും വിശ്വസ്തതയും നിനക്കു മുമ്പായി നടക്കുന്നു. ...

2. *നീതിക്കു ജീവിക്കുക* എന്ന പ്രയോഗം ദൈവത്തിന്റെ ഭരണപരമായ ആവശ്യകതകൾ നിറവേറ്റുന്നതിനോട് ബന്ധപ്പെട്ടിരിക്കുന്നു—1 പത്രൊ. 2:24:

1 പത്രൊ. 2:24 നാം പാപങ്ങൾക്കു മരിച്ചിട്ട് നീതിക്കു ജീവിക്കേണ്ടതിന്, അവൻ തന്നെ മരത്തിന്മേൽ അവന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ വഹിച്ചു; അവന്റെ അടിപ്പിണരാൽ നിങ്ങൾ സൗഖ്യം പ്രാപിച്ചിരിക്കുന്നു.

a. ദൈവത്തിന്റെ ഭരണത്തിൻകീഴിൽ നേരോടെ ജീവിക്കേണ്ടതിന്, അതായത്, അവന്റെ ഭരണത്തിന്റെ നീതിനിഷ്ഠമായ ആവശ്യകതകളോട് പൊരുത്തപ്പെടുന്ന രീതിയിൽ ജീവിക്കേണ്ടതിന് നാം രക്ഷിക്കപ്പെട്ടിരിക്കുന്നു.

b. നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ നാം ദൈവത്തിന്റെ ഭരണത്തിൻകീഴിൽ സ്വതേ നീതിക്ക് ജീവിക്കേണ്ടതിന് ക്രിസ്തുവിന്റെ മരണത്തിൽ നാം പാപങ്ങളിൽനിന്നും വേർപെടുത്തപ്പെടുകയും, അവന്റെ പുനരുത്ഥാനത്തിൽ നാം ജീവിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു—റോമ. 6:8, 10-11, 18; എഫെ. 2:6; യോഹ. 14:19; 2 തിമൊ. 2:11.

റോമ. 6:8 നാം ക്രിസ്തുവിനോടുകൂടെ മരിച്ചുവെങ്കിൽ, നാം അവനോടുകൂടെ ജീവിക്കും എന്ന് വിശ്വസിക്കുന്നു,

റോമ. 6:10 എന്തെന്നാൽ അവൻ മരിച്ച മരണം, ഒരിക്കലായി പാപത്തിന് മരിച്ചു; എന്നാൽ അവൻ ജീവിക്കുന്ന ജീവിതം, ദൈവത്തിന് ജീവിക്കുന്നു.

റോമ. 6:11 അങ്ങനെതന്നെ നിങ്ങളും, പാപത്തിന് മരിച്ചവരായും,

ക്രിസ്തു യേശുവിൽ ദൈവത്തിന് ജീവിക്കുന്നവരായും നിങ്ങളെത്തന്നെ എണ്ണുവിൻ.

റോമ. 6:18 പാപത്തിൽ നിന്ന് സ്വതന്ത്രരാക്കപ്പെട്ടിട്ട്, നിങ്ങൾ നീതിക്ക് അടിമപ്പെട്ടിരിക്കുന്നു.

എഫെ. 2:6 അവനോടുകൂടെ ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ ക്രിസ്തു യേശുവിൽ അവനോടുകൂടെ ഇരുത്തുകയും ചെയ്തു,

യോഹ. 14:19 ഇനിയും അൽപനേരം കഴിഞ്ഞ്, ലോകം ഇനിമേൽ എന്നെ കാണുന്നില്ല, എന്നാൽ നിങ്ങൾ എന്നെ കാണുന്നു; ഞാൻ ജീവിക്കുന്നതിനാൽ നിങ്ങളും ജീവിക്കും.

2 തിമൊ. 2:11 ഈ വചനം വിശ്വാസയോഗ്യമാകുന്നു: നാം അവനോടുകൂടെ മരിച്ചുവെങ്കിൽ, അവനോടുകൂടെ ജീവിക്കും;